## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2376 18.02.2016-ൽ മറുപടിക്ക്

**'പരിക്കേറ്റവർക്കും ട്രോമോ കേസുകൾക്കും സൗജന്യ ചികിത്സ'**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ഡോ.കെ.ടി.ജലീൽ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | വാഹനാപകടങ്ങളിൽ പരിക്കേറ്റവർക്കും നൂറ് ശതമാനം സൗജന്യ ചികിത്സ ഉറപ്പ് വരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നോ; | (എ), (ബി) & (സി) | ഇക്കാര്യത്തിൽ ഒരു പ്രഖ്യാപനം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര സഹായത്തോടെ ദേശീയ പാതയോരങ്ങളിലുള്ള ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.<br>ഇതിൽ കേന്ദ്ര സഹായമായി 7,70,000/- രൂപ ലഭിക്കുകയും ആ തുക ദേശീയ ആരോഗ്യമിഷൻ വഴി വിവിധ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി വിനിയോഗിച്ചുവരുന്നു.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ കോളേജുകളിലെ ട്രോമോകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 2015-16 വർഷത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ 3.675 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>2011-12 വർഷത്തിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ആലത്തൂർ, കായംകുളം, തിരുവല്ല, തലശ്ശേരി, ചാലക്കുടി, ജില്ലാ ആശുപത്രി കൊല്ലം, കണ്ണൂർ, പേരൂർക്കട, കാസർഗോഡ് എന്നിവിടങ്ങളിൽ കാഷ്വാൽറ്റി വിഭാഗത്തിലെ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 134.40 ലക്ഷം രൂ അനുവദിച്ചു.<br>2012-13 വർഷത്തിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചിറയിൻകീഴ്, കരുനാഗപ്പള്ളി, തൊടുപുഴ, നോർത്ത് പറവൂർ, |
| ബി) | എങ്കിൽ ഏതെല്ലാം സ്ഥലത്ത് ഇവ ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും ഇതിനായി ഓരോ ബജറ്റിലും എത്ര തുകകൾ വീതം നീക്കി വച്ചുവെന്നും വ്യക്തമാക്കുമോ; | | |
| സി) | എവിടെയെങ്കിലും ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം; ഇതിനായി സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | തിരൂർ, കൊയിലാണ്ടി, ബത്തേരി, ഒറ്റപ്പാലം, നിലമ്പൂർ, ജനറൽ ആശുപത്രി ആലപ്പുഴ എന്നിവിടങ്ങളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിർമ്മാണ പ്രവർത്തനത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 200 ലക്ഷം രൂപ അനുവദിച്ചു<br><br>2013-14 വർഷത്തിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി തിരുവല്ല, കായംകുളം, ചാലക്കുടി, ആലത്തൂർ, താമരശ്ശേരി, ജില്ലാ ആശുപത്രി കാസർഗോഡ്, കൊല്ലം, താലൂക്ക് ആശുപത്രി ആറ്റിങ്ങൽ എന്നിവിടങ്ങളിലെ ട്രോമാകെയർ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 300 ലക്ഷം രൂപ അനുവദിച്ചു<br><br>2014-15 വർഷത്തിൽ ജനറൽ ആശുപത്രി ആലപ്പുഴ, എറണാകുളം, നെയ്യാറ്റിൻകര, ജില്ലാ ആശുപത്രി കാസർഗോഡ്, പാലക്കാട് എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തികൾക്ക് 142 ലക്ഷം രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 337.28902 ലക്ഷം രൂപയും അനുവദിച്ചു. ഇതുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ